(ബി) ഇതുസംബന്ധിച്ച എത്ര കേസിൽ തീരുമാനമെടുത്തു ;

(സി) ജോയിന്റ് വെരിഫിക്കേഷന്റെ ഫലമായി എത്ര കൃഷിക്കാരിൽ നിന്നും കരം സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 3531.42 ഹെക്ടർ.

(ബി) 4328.

(സി) 170.

കൈവശമുള്ള ഭൂമി പതിച്ചു നൽകുന്നതിന് തീരുമാനം

81 (263) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകാര്യ സ്കൂളുകളുടെയും കോളേജുകളുടെയും കൈവശമുള്ള ഭൂമി പതിച്ചു നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് ഭൂമി പതിച്ചു നൽകുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) സെന്റിന് എന്തു വിലയ്ക്കാണ് ഭൂമി പതിച്ചു നൽകുന്നതെന്ന് പറയാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം കോളേജുകളുടെയും സ്കൂളുകളുടെയും കൈവശമുള്ള ഭൂമിയാണ് പതിച്ചു നൽകിയിട്ടുള്ളതെന്നും മൊത്തം എത്ര ഏക്കർ ഭൂമിയാണ് ഇപ്രകാരം പതിച്ചു നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ഇല്ല. എന്നാൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വർഷങ്ങളായി പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമി ചില നിബന്ധനകൾക്ക് വിധേയമായി പതിച്ചു നൽകുവാൻ 18-6-2005-ലെ ജി.ഒ. (എംഎസ്.) നമ്പർ 201/2005/റവന്യൂ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) സെന്റിന് 100 രൂപ പ്രകാരം.

(ഇ) വിവരം ശേഖരിച്ചു വരികയാണ്.

മിച്ചഭൂമി വിതരണം

82 (264) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹെക്ടർ മിച്ചഭൂമി വിതരണം ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇനി എത്ര ഹെക്ടർ മിച്ചഭൂമി വിതരണം ചെയ്യുവാൻ സർക്കാരിന്റെ പക്കലുണ്ട്. ആയത് വിതരണം ചെയ്യാത്തതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 486 ഹെക്ടർ മിച്ച ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് (ഹെക്ടറിൽ) ഇപ്രകാരമാണ്.

തിരുവനന്തപുരം	-	1
കൊല്ലം	-	8
പത്തനംതിട്ട	-	1
ആലപ്പുഴ	-	...
കോട്ടയം	-	1
ഇടുക്കി	-	1
എറണാകുളം	-	10
തൃശ്ശൂർ	-	5
പാലക്കാട്	-	43
കോഴിക്കോട്	-	8
മലപ്പുറം	-	148
വയനാട്	-	33
കണ്ണൂർ	-	208
കാസർഗോഡ്	-	19
ആകെ	-	486

(ബി) ഇനി 2688 ഹെക്ടർ മിച്ചഭൂമി വിതരണം ചെയ്യാൻ ബാക്കിയുണ്ട്. ഇതിൽ കോടതി സ്റ്റേയിലും മറ്റുമായി ഉൾപ്പെട്ട ഭൂമിയും പൊതു ആവശ്യത്തിനായി നീക്കിവയ്ക്കപ്പെട്ട ഭൂമിയും നിക്ഷിപ്ത വനം/അന്യകൈവശം/തർക്കങ്ങൾ എന്നിവയിലുൾപ്പെട്ട ഭൂമിയും ഉൾപ്പെടുന്നതിനാൽ വിതരണം ചെയ്യാനാകാതെയല്ല.

വെള്ളത്തുള്ളിക്കായലിലെ നികത്തപ്പെട്ടതും നികത്തപ്പെടാത്തതുമായ സ്ഥലം

83 (265) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലനിക്ക് പതിച്ചു നൽകിയ വെള്ളത്തുള്ളിക്കായൽ ഇപ്പോൾ ആരുടെയെല്ലാം കൈവശത്തിലാണ് ;

LIBRARY ARCHIVES Kerala Legislative Assembly